gulfmadhyamam
2014 ജനുവരി 24 ● വെള്ളി

റോഡപകടങ്ങളിൽ മരിച്ചത് 445 പേർ

ന പിഴയായി ഈടാക്കിയത് ഒന്നേമുക്കാൽ കോടി ദീനാർ

الشرق
Sharq
بنيد القار
Bneid Al Gar

വ്യത്യസ്ത റോഡപകടങ്ങളിൽ ജീവൻ പൊലിഞ്ഞ സ്വദേശികളും വിദേശികളുമുൾപ്പെടെയുള്ളവരുടെ കണക്കാണിത്. സ്വദേശികളും വിദേശികളുമുൾപ്പെടെ കഴിഞ്ഞ നാലു മാസത്തിനിടെ റോഡിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം 111 ആണ്. കഴിഞ്ഞ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലത്തിനിടെ രാജ്യത്തെ എല്ലാ ഗവർണറേറ്റുകളിലുമായായി 29,000 വാഹനാപകടങ്ങൾ സംഭവിച്ചതായി റിപ്പോർട്ടിൽ വ്യക്തമാക്കി.

ഏപ്രിൽ മാസത്തിലുണ്ടായ 7867 വാഹനാപകടങ്ങളിൽ മരിച്ചവരുടെ എണ്ണം 41ഉം മെയ് മാസത്തിലുണ്ടായ 7357 വാഹനാപകടങ്ങളിൽ മരിച്ചവർ 33 ഉം ആണെങ്കിൽ തുടർന്നുവരുന്ന മാസങ്ങളിൽ മരണസംഖ്യ കുറഞ്ഞു. ജൂണിൽ മരിച്ചത് 19 പേരും ജൂലൈയിൽ 18 പേരും മാത്രമാണ് മരിച്ചത്. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് റോഡപകടത്തെ തുടർന്നുള്ള മരണ സംഖ്യയിൽ 54 ശതമാനത്തിൻെറയും റോഡപകടങ്ങളുടെ തോതിൽ 43 ശതമാനത്തിൻെറയും കുറവാണ് ഇത് കാണിക്കുന്നത്. അപകടങ്ങളുടെയും മരണത്തിൻെറയും കാര്യത്തിൽ ശുഭ സൂചനയാണെങ്കിലും റോഡുകളിൽ നടത്തിയ പരിശോധനക്കിടെ ട്രാഫിക് അധികൃതർ വസൂലാക്കിയ പിഴയുടെ കാര്യത്തിൽ വർധനയുണ്ടായിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ ഒന്നേമുക്കാൽ കോടി ദീനാർ പിഴ ഇനത്തിൽ കൂടിയിട്ടുണ്ട്.

സ്വിറ്റ്സർലൻറിൽ നടക്കുന്ന യു.എൻ സിറിയ ഉച്ചകോടി 'ജനീവ 2'ൽ കുവൈത്ത് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശൈഖ് സ്വബാഹ് അൽ ഖാലിദ് അസ്വബാഹ് സംസാരിക്കുന്നു

ത്തിന് തൊഴിൽ മന്ത്രി നിയോഗിച്ചു

സമീപകാലത്ത് ആഭ്യന്തര മന്ത്രാലയത്തിൻെറ ഉന്നത ഉദ്യോഗസ്ഥനടക്കം ഉൾപ്പെട്ട വൻ വിസ കച്ചവട സംഭവം പുറത്തുവന്നിരുന്നു. ഒരു വർഷത്തിനിടെ 12,000 അനധികൃത വിസകൾ ഒരു ഉന്നത ഉദ്യോഗസ്ഥൻ വഴി മാത്രം ഇഷ്യു ചെയ്യപ്പെട്ടതായാണ് കണ്ടെത്തിയിരുന്നത്.

ഈ സംഭവത്തിലും മറ്റു വിസ കച്ചവടങ്ങളിലും തൊഴിൽ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പങ്കുള്ളതായി ആരോപണമുയർന്നിരുന്നു. ഇതേതുടർന്നാണ് അന്വേഷണത്തിന് സമിതി രൂപവത്കരിച്ച് മന്ത്രി ഉത്തരവിറക്കിയത്. റിപ്പോർട്ട് സമർപ്പിക്കാൻ ഒരു മാസത്തെ സമയമാണ് സമിതിക്ക് നൽകിയിരിക്കുന്നത്. സമീപകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട വിസ കച്ചവട സംഭവങ്ങളെല്ലാം വിശദമായി അന്വേഷിച്ച് അതിനുപിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തുകയാണ് ലക്ഷ്യം.

മന്ത്രാലയത്തിലും അതിന് കീഴിലുള്ള മറ്റ് ഓഫീസുകളിലുമുള്ള ജീവനക്കാരുടെ സഹായത്താലാണ് മിക്ക വിസ കച്ചവട റാക്കറ്റുകളും തഴച്ചുവളരുന്നത് എന്നതിനാൽതന്നെ ഇത്തരക്കാരെ തിരിച്ചറിഞ്ഞ് നിയമത്തിൻെറ മുന്നിൽ കൊണ്ടുവരികയാണ് അന്വേഷണ സമിതിയുടെ ചുമതല.

എറണാകുളം സ്വദേശി നിര്യാതനായി

കുവൈത്ത് സിറ്റി: എറണാകുളം ആലുവ സ്വദേശി കുവൈത്തിൽ നിര്യാതനായി. വെളിയത്തുനാട് ചട്ടംകുടത്ത് ആലിക്കുട്ടിയുടെ മകൻ സി.എ. സാദിഖ് (39) മരിച്ചത്. മഹ്ബൂലയിൽ താമസിക്കുന്ന സാദിഖിനെ ബുധനാഴ്ച വൈകിട്ട് ഹൃദയാഘാതത്തെ തുടർന്ന് അദാൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായിരുന്നു. വ്യാഴാഴ്ച രാവിലെയാണ് മരണം സംഭവിച്ചത്.

മുമ്പ് സൗദിയിലായിരുന്നപ്പോൾ ഹൃദയാഘാതമുണ്ടായിരുന്നു. കുവൈത്തിലെത്തി മൂന്ന് വർഷമായെങ്കിലും ഇതുവരെ നാട്ടിൽ പോയിട്ടുണ്ടായിരുന്നില്ല. എ.സി.ഐ.സി.ഒ കമ്പനിയിലാണ് ജോലി ചെയ്യുന്നത്.

നാട്ടിൽ ഭാര്യയും 13 വയസ്സുള്ള മകനും പത്ത് വയസ്സുള്ള മകളുമുണ്ട്. വെൽഫെയർ കേരള കുവൈത്ത് പ്രവർത്തകരുടെ നേതൃത്വത്തിൽ മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോവാനുള്ള ശ്രമം നടക്കുന്നു.

കലാശ്രീ പുരസ്കാരം

പ്രവാസ ജീവിതം അരങ്ങാക്കിയ ബാബു ചാക്കോളക്ക് അംഗീകാരം

കുവൈത്ത് സിറ്റി: കുവൈത്തിലെ പ്രമുഖ നാടക നടനായ ബാബു ചാക്കോളക്ക് കേരള സംഗീത നാടക അക്കാദമിയുടെ 'കലാശ്രീ' നാടക പുരസ്കാരം. ഗൾഫിലെ പ്രവാസി കലാകാരന്മാരെ അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനുമായി ഏർപ്പെടുത്തിയ പുരസ്കാരമാണ് രണ്ട് പതിറ്റാണ്ടിലേറെയായി കുവൈത്തിൽ നാടക കലയുടെ വളർച്ചക്കായി ജീവിതം ഉഴിഞ്ഞുവെച്ച ബാബു ചാക്കോളയെ തേടിയെത്തിയിരിക്കുന്നത്.

ഈമാസം 27ന് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ ബാബു ചാക്കോള 'കലാശ്രീ' പുരസ്കാരം ഏറ്റുവാങ്ങും. പ്രശ

ഹ്റൈൻ), ഉദയചന്ദ്രൻ (ഖത്തർ) എന്നിവരും ബാബു ചാക്കോളക്കൊപ്പം ഇതേ പുരസ്കാരത്തിന് അർഹരായിട്ടുണ്ട്.

1992ൽ കുവൈത്തിൽ പ്രവാ

പ്രധാനവേഷം ചെയ്യുകയും രണ്ട് തവണ മികച്ച നടനുള്ള പുരസ്കാരങ്ങൾ സ്വന്തമാക്കുകയും ചെയ്തു. നിരവധി നാടകങ്ങൾ സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. തൃശൂർ നടത്തറ സ്വദേശിയായ ഇദ്ദേഹം സ്കൂൾ പഠനകാലംതൊട്ട് നാടകങ്ങളിൽ അഭിനയിച്ചും നൃത്തവേദികളിൽ തിളങ്ങിയുമാണ് കലാജീവിതത്തിന് തുടക്കമിട്ടത്. ജില്ലാ യുവജനോത്സവ, പഞ്ചായത്ത് തല മത്സരങ്ങളിൽ മികവ് തെളിയിച്ച ബാബു ചാക്കോള 1985 മുതൽ 90 വരെയുള്ള കാലത്ത് കാളിന്ദി തിയറ്റേഴ്സ്, തൃശൂർ തിയറ്റേഴ്സ്, കലാകേന്ദ്ര തുടങ്ങിയ നാടകസംഘങ്ങളിലൂടെ നിരവ